# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ 2205061 ഫാക്സ് : 91 484 2206230 കൊച്ചി–682 020
Website:- www.gcda.kerala.gov.in. E-mail id:- gcdaonline@gmail.com

"ഭരണഭാഷ-മാതൃഭാഷ"

നം. 6176/ഐ.ഒ./2017/ജിസിഡിഎ.

തീയതി: 18.01.2018

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ.അബ്ദുൾബാരി.ഡി.എം
ദാരുറഹ്മത്ത്, കുമ്പളം പി.ഒ
എറണാകുളം, 682506

സർ,

വിഷയം:- ജിസിഡിഎ - ഭരണ വിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 28.09.2017 -ലെ അപ്പീൽ ഹർജി 09.01.2018-ലെ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ.

......

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.
ലഭ്യമായ കൂടുതൽ വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം 2: അതോറിറ്റിയിലെ സെക്രട്ടറി സ്ഥാനം അതോറിറ്റിയിൽ സർക്കാരിൽ നിന്നും അനുവദിച്ചുതന്നിരിക്കുന്ന തസ്തികകളിൽ യാതൊന്നിന്റെയും സ്ഥാനക്കയറ്റ തസ്തികയല്ലാത്തതിനാലും സാധാരണയായി അന്യത്രസേവനവ്യവസ്ഥയിലുള്ളതും ആയതിന്റെ നിയമനം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നടത്തുന്നതും, ആയതിനാൽ ജിസിഡിഎയുടെ നിയമപ്രകാരം ടി തസ്തികയുടെ അടിസ്ഥാന യോഗ്യതകളെന്താണെന്ന് ഡ്രാഫ്റ്റ് റൂൾസിൽ പരാമർശിക്കപ്പെട്ടിട്ടില്ലാത്തതാണ്.

ചോദ്യം 3: 17.11.2016-ലെ ജി.ഒ(ആർ.ടി) 3113/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് നിലവിലെ സെക്രട്ടറി ടി സ്ഥാനം വഹിച്ചുവരുന്നത്. ടി നിയമനത്തിലേക്ക് യോഗ്യത, മാനദണ്ഡം എന്നിവ ബഹു.സർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്.

ചോദ്യം 10: 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് അതോറിറ്റിക്ക് ബാധകമാക്കിയ 07.12.2011 തീയതിയിലെ ജി.ഒ(എം.എസ്)305/2011/എൽ.എസ്.ജി.ഡി നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിലെ സെക്രട്ടറി തസ്തികയുടെ ശമ്പള സ്കെയിൽ as in PD (Parent Department)

എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സർക്കാരിന്റെ നിയമന ഉത്തരവു പ്രകാരം അന്യത്രസേവനവ്യവസ്ഥയിൽ അതോറിറ്റിയിൽ സെക്രട്ടറി തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർക്ക് അവരുടെ മാതൃസ്ഥാപനത്തിൽ ടിയാർക്ക് അനുവദനീയമായ ശമ്പള സ്കെയിലാണ് അനുവദിച്ചു നൽകുന്നത്. ആയതിനാൽ ടി തസ്തികയുടെ ശമ്പള സ്കെയിൽ ഒരു നിശ്ചിത സ്കെയിലിൽ ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതും, നിയമിതരാവുന്ന ഉദ്യോഗസ്ഥരുടെ മാതൃവകുപ്പിലെ ശമ്പള സ്കെയിലിനനുസൃതവുമാണ്. നിലവിൽ സെക്രട്ടറിയുടെ സ്ഥാനം വഹിക്കുന്ന ഉദ്യോഗസ്ഥന് ടിയാന്റെ യഥാർത്ഥ തസ്തികയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയുടെ ശമ്പളവും, മറ്റാനുകൂല്യങ്ങളും മാത്രമാണ് അനുവദിച്ചു നൽകി വരുന്നത്.

ശമ്പള വിവരങ്ങളുടെ പകർപ്പ് ചേർക്കുന്നു.

വിശ്വസ്തതയോടെ,

എ.ഇമാമിൻ മുബീൻ
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

അപ്പീൽ അധികാരിയുടെ മേൽവിലാസം

എം.സി.ജോസഫ്
അപ്പലേറ്റ് അതോറിറ്റി/സെക്രട്ടറി
ജിസിഡിഎ, കൊച്ചി-682 020

DESPATCHED
Date 20/1/2018

asn